File No.SFC-B3/180/2020-FIN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ്-സാമൂഹ്യ ക്ഷേമ / ക്ഷേമനിധി ബോർഡ് പെൻഷനുകൾ 1-9-2020 പ്രാബല്യത്തിൽ പ്രതിമാസ നിരക്ക് 1400 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (എസ് എഫ് സി-ബി) വകുപ്പ്

സ.ഉ.(അച്ചടി) നം.118/2020/ധന. തീയതി,തിരുവനന്തപുരം, 06/09/2020

---

പരാമർശം:- 1) 03-03-2020 ലെ സ. ഉ. (കൈയ്യെ) നമ്പർ.28/2020/ധന

<u>ഉത്തരവ്</u>

സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷനുകളും സർക്കാർ സഹായത്തോടെ ക്ഷേമനിധി പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളുടെയും പെൻഷനുകളിൽ 100 രൂപ വർദ്ധനവ് വരുത്തുന്നതും എല്ലാ മാസവും അതാതു മാസത്തെ പെൻഷൻ വിതരണം ചെയ്യണമെന്നുള്ളതും നിർദ്ദേശിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും നിലവിൽ 1300 രൂപ നിരക്കിൽ സാമൂഹ്യ ക്ഷേമ / ക്ഷേമനിധി ബോർഡ് പെൻഷനുകൾ വാങ്ങിവന്നിരുന്ന ഗുണഭോക്താക്കളുടെ പെൻഷൻ 100 രൂപ വർദ്ധനവ് വരുത്തി പ്രതിമാസ നിരക്ക് 1400 രൂപയായി (ആയിരത്തി നാന്നൂറ് രൂപ മാത്രം) 01.09.2020 പ്രാബല്യത്തിൽ വർദ്ധിപ്പിച്ച് ഉത്തരവാകുന്നു. നിലവിൽ സാമൂഹ്യ ക്ഷേമ / ക്ഷേമനിധി ബോർഡ് പെൻഷനുകൾ 1400 രൂപയിൽ കൂടുതൽ ലഭിക്കുന്നവർക്ക് ആയത് ഉയർന്ന നിരക്കിൽ തന്നെ തുടർന്നും ലഭിക്കുന്നതാണ്. മാത്രമല്ല, ഇനിമുതൽ, അതാതു മാസത്തെ പെൻഷൻ എല്ലാ

മാസവും 20-)ം തീയതിക്കും 30-)ം തീയതിക്കുമിടയിൽ വിതരണം ചെയ്യുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ.ഒ.ബി**

ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ.ആർ.എസ്.എ/ ജി. എസ് എസ്. എ), കേരള, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം

തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്

എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ക്ഷേമ നിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

നോഡൽഓഫീസർ,ധനകാര്യവകുപ്പ് (www.finance.kerala.gov.in)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

(Computer No: 1565851 File No: SFC-B3/180/2020-FIN)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ